**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 116** **10-06-2021 - ൽ മറുപടിയ്ക്ക്**

**ടൂറിസം മേഖലയുടെ പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് മാസ്റ്റർ,<br>ശ്രീ.പി. കെ. ബഷീർ ,<br>ഡോ. എം.കെ . മുനീർ ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് മൂലം സമ്പൂർണ്ണ അടച്ചുപൂട്ടലിലേക്ക് നീങ്ങിയ ടൂറിസം മേഖലയുടെ പുനരുദ്ധാരണത്തിന് ആവിഷ്കരിച്ചുനടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ വിനോദസഞ്ചാര മേഖലയിൽ തൊഴിലെടുക്കുന്നവർക്കും സംരംഭകർക്കും സാമ്പത്തിക പിന്തുണ നൽകുന്നതിനു വേണ്ടി ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സപ്പോർട്ട് സ്കീം, ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം, ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം, ടൂറിസം ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം എന്നിവ നടപ്പാക്കി വരുന്നു. ഹോംസ്റ്റേകളെ കൊമേഴ്സ്യൽ കാറ്റഗറിയിൽ നിന്നും റസിഡൻഷ്യൽ കാറ്റഗറിയിലേയ്ക്ക് മാറ്റി. വിനോദസഞ്ചാര മേഖലയിലെ സ്ഥാപനങ്ങൾക്ക് വൈദ്യുതി ഫിക്സഡ് ചാർജ് മൂന്ന് മാസത്തേക്ക് ഇളവ് നൽകുകയും ബാക്കി തുക അടയ്ക്കുന്നതിന് സാവകാശം നൽകുകയും ചെയ്തു. ഡി.റ്റി.പി.സി-യുടെ സ്ഥാപനങ്ങൾ പാട്ടത്തിന് എടുത്തവർക്ക് അടഞ്ഞു കിടന്ന കാലയളവിൽ പാട്ടത്തുക ഒഴിവാക്കി നൽകി. സ്തംഭനാവസ്ഥയിൽ നിന്നും ടൂറിസം മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി ടൂറിസം വകുപ്പ് പോസ്റ്റ് കോവിഡ് ക്യാമ്പയിനുകൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. കോവിഡ് മഹാമാരിക്ക് ശേഷമുള്ള ടൂറിസം മേഖലയുടെ ഉണർവിന് ഈ ക്യാമ്പയിനുകൾ സഹായകരമായി മാറും. 2021-22 വർഷത്തെ പുതുക്കിയ ബജറ്റിൽ ടൂറിസം മേഖലയുടെ പുനരുദ്ധാരണ പാക്കേജിനായി 30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പാക്കേജ് തയ്യാറായി വരുന്നു. കെ.എഫ്.സി മുഖേന വായ്പാ പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു. ടൂറിസം മാർക്കറ്റിംഗിനായി 50 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | ഈ മേഖലയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന തൊഴിലാളികൾക്ക് എന്തെല്ലാം സഹായങ്ങൾ നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ; | (ബി) | കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ വരുമാനരഹിതരായ സർക്കാർ അംഗീകൃത ടൂറിസ്റ്റ് ഗൈഡുമാർക്ക് ഒറ്റത്തവണ ഗ്രാന്റായി പതിനായിരം |

| | | | |
|---|---|---|---|
| | | | രൂപ നൽകിയിട്ടുണ്ട്. ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് കേരള ബാങ്ക് വഴി മുപ്പതിനായിരം രൂപ വരെയുള്ള ലോൺ അനുവദിക്കുന്നതിനായുള്ള "ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം" നടപ്പാക്കിയിട്ടുണ്ട്. |
| (സി) | ഇവർക്കായി പ്രത്യേക ക്ഷേമനിധി ബോർഡ് രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ? | (സി) | ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്കായി ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നതിനായി പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ